MASS GHSS Ettikulam

# Academic Master Plan

2025-26

## LP - Section

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി
സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സമഗ്ര ഗുണമേന്മാ
വിദ്യാലയ വികസന പദ്ധതിയുടെ ഭാഗമായി നമ്മുടെ വിദ്യാ
ലയങ്ങൾ ഭൗതികമായും അക്കാദമികമായും അന്താരാ
ഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ടതുണ്ട്.
പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഇനിയും മെച്ച
പ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും
വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന
വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി
രൂപീകരിക്കുന്നത്.

2025-26 അധ്യയനവർഷത്തിൽ ഒന്നു മുതൽ
നാലു വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും
ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന
കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന
നിലവാരത്തിൽ എത്തിക്കാൻ അനുയോജ്യമായ
പ്രവർത്തനങ്ങൾക്ക് ആസൂത്രണം നൽകി വിനിമയം.
എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ
എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസി
കവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരി
ക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്

## ലക്ഷ്യങ്ങൾ

- പാഠ്യപദ്ധതി അനുസരിച്ച് 1 മുതൽ 4 വരെ ക്ലാസുകളിൽ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ പൂർണമായും അവർക്ക് ലഭ്യമാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും വായിക്കാനും ഈ ഭാഷകളിൽ സർഗസൃഷ്ടികൾ നടത്താനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗശേഷിയും കലാകായികവുമായ കഴിവുകൾക്ക് പ്രോത്സാഹനം നൽകാൻ അവസരമൊരുക്കി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- വിവിധ മത്സരപരീക്ഷകളിൽ പ്രത്യേകിച്ചും എൽ എസ് എസ് എന്നിവയിലും കുട്ടികൾക്ക് വിജയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പൊതുധാരയിൽ കൊണ്ടുവരാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഗണിതത്തിന്റെ അടിസ്ഥാന ശേഷികളായ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, സമയബോധം, രൂപങ്ങൾ പരിചയപ്പെടൽ മുതലായവയൊക്കെ ഉറപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക, ഗണിത പഠനം സുതാര്യമാക്കുക.
- ശാസ്ത്രപഠനം ലളിതവും രസകരവുമാക്കുക.
- ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകൾ പ്രയോഗിക്കുന്നതിനുള്ള പ്രാപ്തി നേടുക.

LP തല മാസ്റ്റർ പ്ലാൻ 2024-25

മലയാളം

| Sl No. | പഠനനേട്ടം/ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന-വിശദീകരണം | ചുമതല | കാലയളവ്. |
| --- | --- | --- | --- | --- | --- |
| | ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ. | വായന. | • അക്ഷര ഉറപ്പിക്കൽ<br>• അടയാളങ്ങൾ ഉറപ്പിക്കൽ.<br>• വാക്യകാർഡ്, പദകാർഡ്<br>• വായനാകാർഡ് തയ്യാറാക്കാം<br>• വായിക്കാം<br>• ചിത്രവായന | ക്ലാസ് ടീച്ചർ. | ജൂൺ to മാർച്ച്. |
| | കുട്ടിയെ മികച്ച വായനക്കാരനാക്കൽ | വായനോത്സവം. | • ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>• വായനക്കൂട്ടം, വായനമരം.<br>• അമ്മവായന, വായനക്കാർഡ്<br>• സർഗവേള - കഥയരങ്ങ്.<br>• ബാലസഭ - പാട്ടരങ്ങ്.<br>• പുസ്തകക്വിസ്.<br>• ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തൽ.<br>• വായനക്കുറിപ്പ് തയ്യാറാക്കൽ<br>• ചുമർപത്രികാ പതിപ്പ്.<br>• കഥാപൂരണം, കവിതാപൂരണം.<br>• കൈയെഴുത്ത് മാസിക തയ്യാറാക്കൽ<br>• പത്രവായന. | ക്ലാസ് ടീച്ചർ | ജൂൺ to മാർച്ച്. |

# LP തല അക്കാദമിക മാസ്റ്റർ പ്ലാൻ

| Sl No | പഠനനേട്ടം/ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന - വിശദീകരണം | ചുമതല | കാലയളവ്. |
|---|---|---|---|---|---|
| | | | · റീഡേഴ്സ് തിയേറ്റർ.<br>· പുസ്തകപരിചയം. | ക്ലാസ് ടീച്ചർ | ജൂൺ to മാർച്ച്. |
| | ഓരോകുട്ടിയെയും സ്വതന്ത്ര എഴുത്തുകാരനാക്കുക. | | · സംജ്ഞകളെയറി<br>· സർവ്വനാമങ്ങളെയറി<br>· പാചകക്കുറിപ്പ് എഴുതൽ<br>- കഥയെഴുത്ത്<br>- വരികൾ കൂട്ടിച്ചേർക്കൽ.<br>- പതിപ്പുനിർമാണം.<br>- രചനാപരിചയക്കുറിപ്പ്<br>- ശില്പശാലകൾ. | ക്ലാസ് ടീച്ചർ | ജൂൺ to മാർച്ച് |
| | ഭാഷാപഠന ശേഷിയും ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നു. | | - കഥകളും, പാട്ടുകളും<br>- റീഡേഴ്സ് തിയേറ്റർ<br>- നാടകാവതരണം.<br>- ബാലസഭ.<br>- വിവിധ രചനാപ്രവർത്തനങ്ങളുടെ പ്രകാശനം. | ക്ലാസ് ടീച്ചർ<br>SRG | ജൂൺ to മാർച്ച് |

| | | | | |
|---|---|---|---|---|
| അറിവ് ഡോക്യുമെന്ററിയിലൂടെ | കലക്കത്ത് | - വീഡിയോ പ്രദർശനം<br>- ചർച്ച | | |
| നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ആകെക്കൂട്ട് | - ഭക്ഷ്യമേള<br>- പാചകക്കുറിപ്പ്<br>- ക്ലാസിലൊരു സദ്യ | ക്ലാസ് ടീച്ചർ | ജൂൺ to മാർച്ച് |

# LPതല അക്കാദമിക മാസ്റ്റർ പ്ലാൻ 2024-'25

## ഗണിതം

| Sl No | പഠനനേട്ടം / ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന- വിശദീകരണം. | ചുമതല | കാലയളവ്. |
|---|---|---|---|---|---|
| 1. | ഗണിതപഠനമുല്ലാസപ്രദമാക്കൽ.<br>സംഖ്യാബോധം ഉറപ്പിക്കൽ. | ഗണിതക്കളികൾ<br>ഉല്ലാസഗണിതം<br>ഗണിതവിജയം | • ഏണിയും പാമ്പും<br>• ഡൈസ് കളി.<br>• ഉല്ലാസ ഗണിതം<br>• സ്ഥാനവില പോക്കറ്റ്<br>• അബാക്കസ്.<br>• ഗണിതവിജയം – കളികൾ<br>• ഗണിതകിറ്റ് ഒരുക്കൽ.<br>• സംഖ്യാറിബ്ബൺ.<br>• സംഖ്യാകാർഡ്.<br>• സംഖ്യാവായന (അക്കത്തിലും അക്ഷരത്തിലും).<br>• ഗണിതശില്പശാല – പഠനോപകരണ നിർമ്മാണം.<br>• ഗണിതപസിൽ.<br>• പാറ്റേൺ കണ്ടെത്തൽ.<br>• സംഖ്യാനൃത്യൻ.<br>• | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച് |
| | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. | | • പ്രായോഗിക പ്രശ്നങ്ങൾ<br>• സംഖ്യാചക്രം.<br>• മനക്കണക്ക്. | ക്ലാസ് ടീച്ചർ. | ജൂൺ - മാർച്ച് |

# LP തല അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25

## ഗണിതം

| Sl No | പഠനനേട്ടം/ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന- വിശദീകരണം | ചുമതല | കാലയളവ് |
| --- | --- | --- | --- | --- | --- |
| | | | • സംഖ്യാകൃതികൾ<br>• ICT സാധ്യത<br>• ഒത്തുചേർന്നാൽ (പ്രവർത്തനം)<br>• എവിടെ പോയി (പ്രവർത്തനം) | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച് |
| | • ഗണിതത്തിന്റെ പ്രായോഗികമൂല്യം തിരിച്ചറിയൽ | | • ഗണിതലാബ്<br>• ഗണിതശാസ്ത്രജ്ഞർ<br>• പഠനോപകരണനിർമ്മാണം<br>• | | |
| | ഗണിതശേഷികളുടെ ഉയർച്ച | | • പ്രശ്നോത്തരി<br>• പസിൽ<br>• പാറ്റേൺ<br>• പഠനോത്പന്നങ്ങളുടെ പ്രദർശനം<br>ഗണിതമേള | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച് |

LP തല അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25

ഗണിതം

| Sl No | പഠനനേട്ടം/ ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന- വിശദീകരണം | ചുമതല | കാലയളവ് |
| --- | --- | --- | --- | --- | --- |
| | ഗണിതശാസ്ത്രത്തിന്റെ പ്രായോഗികമൂല്യം തിരിച്ചറിയൽ. | | സംഖ്യാപേടകങ്ങൾ<br>ICT സാധ്യത.<br>കൂട്ടിച്ചേർന്നാൽ (സങ്കലനം)<br>എവിടെപ്പോയി (വ്യവകലനം)<br>ഗണിതലാബ്.<br>ഗണിതപ്പൂമരങ്ങൾ.<br>പഠനോപകരണനിർമ്മാണം | ക്ലാസ് ടീച്ചർ | ജൂൺ – മാർച്ച് |
| | ഗണിതശേഷികളുടെ വികസനം | | ഉപ്പോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠനഉൽപ്പന്നങ്ങളുടെ പ്രദർശനം.<br>ഗണിതമേള | ക്ലാസ് ടീച്ചർ | ജൂൺ – മാർച്ച് |

# LP തല അക്കാദമിക മാസ്റ്റർപ്ലാൻ 2024-25

## പരിസരപഠനം

| Sl No | പഠനനേട്ടം/ ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന - വിശദീകരണം | ചുമതല | കാലയളവ്. |
| --- | --- | --- | --- | --- | --- |
| • | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കൽ | പ്രകൃതി നടത്തം | • ഫീൽഡ് ട്രിപ്പ് - വിവിധങ്ങളായ സസ്യവസ്തുക്കൾ അടുത്തറിയാം.<br>• വ്യത്യസ്തതരം ചെടികളുടെ ഇലകളും വേരുകളും നിരീക്ഷിക്കൽ<br>• പക്ഷിനിരീക്ഷണം.<br>• ഔഷധ തോട്ട സന്ദർശനം<br>• കൃഷിത്തോട്ട സന്ദർശനം.<br>• പൊതുസ്ഥാപനങ്ങൾ - ഫീൽഡ് ട്രിപ്പ്.<br>• | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച്. |
| | ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര പരീക്ഷണം<br>ശാസ്ത്രവിസ്മയച്ചുമർ<br>ശാസ്ത്രമാസിക. | • ശാസ്ത്രപരീക്ഷണങ്ങൾ.<br>• ശാസ്ത്ര മൂല ഒരുക്കൽ.<br>• ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ - പ്രദർശിപ്പിക്കൽ.<br>- വിസ്മയച്ചുമർ<br>• ശാസ്ത്രമാസികാനിർമാണം. | | |
| | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രോത്സവം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണങ്ങൾ, പരീക്ഷണങ്ങൾ - പ്രദർശനം | H M<br>SRG<br>ക്ലാസ് ടീച്ചർ | ജൂലൈ ഫെബ്രുവരി മാർച്ച് |

| | | | | |
|---|---|---|---|---|
| ഭൂപടമാതൃക<br>കേരളം, ഇന്ത്യ<br>ഭൂപടവായന<br>സൂചിക-പരിചയ<br>പ്പെടൽ | | ഭൂപടവായന<br>ഭൂപട രചന<br>സൂചിക നിർമ്മാണം | ക്ലാസ് ടീച്ചർ | ജൂൺ – മാർച്ച് |

# Academic Master Plan 2024'25

## LP Section.

| Sl | Aims | Activities | Description | Duty/Task | Duration |
|---|---|---|---|---|---|
| | To improve the ability to read, write, and speak english effectively | Let's read | Picture reading<br>Reading cards<br>Story reading<br>News reading.<br>Class library development<br>Reading corner<br>Reading competition.<br>Book reviews.<br>Preparation of reading notes.<br>Readers theatore. | Class teacher | June to March. |
| | Speaks appropriate english according to the situation. | Let's speak. | Spoken English Classes.<br>English assembly.<br>English Balasabha.<br>Skit /Drama /Story telling.<br>English Fest. | class teacher | June to March |

# ARABIC

# ACADEMIC MASTER PLAN

## LP - UP

## 2025 - 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 അറബിക് (LP) & UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം |
|---|---|---|---|
| വായന<br>* വായന പ്രോത്സാഹിപ്പിക്കുക.<br>* വായനാനുഭവം നൽകുക<br>* വായനാ ശീലമാക്കുക.<br>* വായനയിലൂടെ അറിവിന്റെ ലോകം വികസിപ്പിക്കുക. | ചിത്രങ്ങൾ, കവിതകൾ<br>ചിത്രകഥകൾ<br>ചാർട്ടുകൾ - വായിപ്പിക്കുന്നു<br>വായനാ കോർണർ<br>ഗദ്യ വായന - വായന മത്സരങ്ങൾ | ജൂൺ - നവംബർ | ലൈബ്രറി പുസ്തകങ്ങൾ ICT സഹായം. |
| എഴുത്ത്<br>* എഴുത്തിന്റെ ശേഷിയെ വളർത്തുക. | അക്ഷര കാർഡുകൾ ഫിൽ ചെയ്യുക<br>വർക്ക് ഷീറ്റുകൾ നൽകുന്നു<br>അക്ഷര മരം നിർമ്മിക്കുന്നു<br>കഥാ പൂരണം. വിവരണങ്ങൾ എഴുതിപ്പിക്കുന്നു. | നവംബർ - ഡിസംബർ 15 | ലൈബ്രറി SRG PTA |
| * സംസാരം മറ്റ് വ്യവഹാരങ്ങൾ<br>* ദിനാ ചരിത്രങ്ങൾ നേടുക. അത് ജീവിതത്തിൽ പ്രയോഗിക്കുക. | അറബി ക്വിസ്<br>ചെറിയ ചെറിയ സംഭാഷണങ്ങൾ<br>ചെറു നാടകങ്ങൾ - ഡയലോഗുകൾ<br>കൊച്ചു പ്രസംഗങ്ങൾ<br>ദിനാചരണ പരിപാടികൾ | ഒക്ടോബർ - ഡിസംബർ 31 | SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം |
|---|---|---|---|
| ദിനാചരണങ്ങൾ<br>അവബോധം സൃഷ്ടിക്കൽ<br>മഹാന്മാരെ പരിചയപ്പെടുത്തൽ<br>മൂല്യങ്ങൾ വളർത്തിയെടുക്കുക | ദിനാചരണ അറബിക് പോസ്റ്ററുകൾ<br>ക്വിസ്<br>ഭാഷാ ദിന പ്രോഗ്രാമുകൾ<br>കയ്യെഴുത്ത് മാഗസിനുകൾ | നവംബർ - ഡിസംബർ | SRG<br>സബ്ജക്ട് ഗ്രൂപ്പ് |
| ആസ്വാദനം<br>അറബിക് സെമിനാറിലൂടെ ഭാഷാ ശാക്തീകരണം | ഐടി സഹായത്തോടെ<br>കഥകൾ, കവിതകൾ<br>വിവിധ മത്സരങ്ങൾ<br>കലാരൂപങ്ങൾ പ്രദർശനം. | ജനുവരി - ഫെബ്രുവരി | SRG<br>PTA<br>SMC. |
| ലാംഗ്വേജ് ലാബ്<br>ഭാഷയുടെ വികസനത്തിനായുള്ള സംസാരിക്കാനുള്ള പ്രത്യേക പരിശീലനം നൽകുക. | ഭാഷയുടെ വിവിധ വ്യവഹാരങ്ങൾ കമ്പ്യൂട്ടർ സഹായത്തോടെ വിദ്യാർത്ഥികൾ നൽകുന്നു. | ഒക്ടോബർ.<br>ജൂൺ - ഫെബ്രുവരി | SMC<br>SRG<br>PTA<br>സബ്ജക്ട് ഗ്രൂപ്പ്. |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ (യു.പി. മലയാളം).

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കവിത, ചിത്രം, യാത്രാനുഭവം) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| 2. കുട്ടികളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | **വാർത്താലോകം**<br>പത്രം, മറ്റ് പുസ്തകങ്ങൾ തുടങ്ങിയവ വായിക്കുകയും പ്രതികരണശേഷി വളർത്തുകയും ഉച്ചാരണശുദ്ധി ഉറപ്പാക്കുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ |

# യു. പി. മലയാളം.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 3. | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | <u>മുഖാമുഖം</u><br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | മലയാളം ക്ലബ്. |
| 4. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവൻ. | മലയാളം അധ്യാപകർ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ (യു. പി. ഗണിതം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | <u>ഗണിത ശിൽപശാല</u><br>കളികളിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്, .... ഉപയോഗിക്കുന്നു.) | ജൂൺ | ഗണിതം അധ്യാപകർ |
| 2. രസകരമായ ഗണിതപഠനവും കരചലനശേഷികളുടെ വികാസവും. | <u>ഒറിഗാമി ശിൽപശാല</u><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | ജൂലൈ | ഗണിതം അധ്യാപകർ<br>പ്രവൃത്തി പരിചയ അധ്യാപകർ |
| 3. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | <u>ഐ.ടി. സാധ്യതകളിലൂടെ.</u><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോണുകൾ പോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലെത്തിക്കാൻ ശ്രമിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ. |

യു.പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| --- | --- | --- | --- |
| 4. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിവ്. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ (യു.പി. സാമൂഹ്യശാസ്ത്രം).

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 2. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 3. | സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതു ചക്രവാളത്തിലേക്ക്** മത്സരബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം കൊണ്ടെന്ന രീതിയിലുള്ള ക്വിസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. |

# Academic Master Plan ( UP English )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് കേൾക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend Your Ear - ഉചിതവും സമകാലികവുമായി ഇംഗ്ലീഷ് റെക്കോഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br>Breaking News: ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം കേൾക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 2. തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Run Baby Run: ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്യങ്ങൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി | ആഴ്ചയിൽ ഒരു ഇംഗ്ലീഷ് പീരിയഡ്. | ഇംഗ്ലീഷ് അധ്യാപകർ. | |

UP English.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| --- | --- | --- | --- |
| 3 ഇംഗ്ലീഷ് സംഭാഷണത്തിനുള്ള ആത്മവിശ്വാസം ഉയർത്തുന്നു | The English Camp: ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ. |

# Acadamic Master Plan (U.P. അടിസ്ഥാന ശാസ്ത്രം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | 1) പരീക്ഷണ കളരി<br>വിദ്യാലയത്തിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് സൗകര്യമായ ലഘുപരീക്ഷണങ്ങളിലേർപ്പെടുന്നു. പരീക്ഷണക്കുറിപ്പുകൾ നിർവ്വഹിക്കുന്നു. പരീക്ഷണോപകരണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു.<br>2) സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ സയൻസ് ക്ലബ് ഹെൽത്ത് ക്ലബ്. | PTA<br>സയൻസ് ക്ലബ്. |
| 2. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുമായി ബന്ധപ്പെടുത്തിയ ശാസ്ത്രപാഠങ്ങൾ പരിചയപ്പെടുത്തുക. | ശാസ്ത്ര വിസ്മയ ചുവർ -<br>1) ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട വാർത്തകൾ ഓരോ ക്ലാസിലും ശാസ്ത്ര-വിസ്മയ ചുവർ ഉണ്ടാക്കി പ്രദർശിപ്പിക്കുന്നു. | അക്കാദമിക-വർഷം. | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ്. | സയൻസ് ക്ലബ്. |

| | | | |
|---|---|---|---|
| | 2. വിസ്മയലോകം.<br>ICT യുടെ സഹായത്തോടെ ശാന്തി വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | [illegible] | ശാന്തി അദ്ധ്യാപകർ |
| 3 കുട്ടികളിൽ ശാന്തി-ബോധം വളർത്തുന്നു. | 1) ശാന്തി ചോദ്യോത്തര പെട്ടി.<br>ശാന്തിയുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിക്കുന്നു.<br>ക്വിസ് നടത്തുന്നു. | [illegible] | ശാന്തി അദ്ധ്യാപകർ. |

# MASS GHSS ETTIKULAM

# ACADEMIC MASTER PLAN

2025-26

*HS*

# HS-MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | നേതൃത്വം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായി പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>6. വാക്കുകൾ നിർമിക്കൽ<br>7. വാക്യങ്ങൾ നിർമിക്കൽ<br>8. ചിത്രം - കുറിപ്പ്<br>9. ചിത്രം - കഥ പറയൽ, കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് വിജയസ്പർശം ക്ലാസ്സ് | രണ്ടു മാസം (ജൂലൈ,ആഗസ്റ്റ്) | പുസ്തകങ്ങൾ, ചിത്രങ്ങൾ, കാർഡുകൾ | അധ്യാപകർ, പി.ടി.എ. |
| 2. കുട്ടികളെ മികച്ച വായനക്കാരാക്കുക. | 1. ക്ലാസ് വായനമൂല ഒരുക്കൽ<br>2. ക്ലാസ്, സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. വായനോത്സവം സംഘടിപ്പിക്കൽ,<br>4. പത്രവായന<br>5. പുസ്തക ചർച്ച<br>6. വായനാനുഭവം പങ്കുവയ്ക്കൽ<br>7. വായനക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ | ആറ് മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| | 8. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>9. ദിനാചരണങ്ങൾ<br>10. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>11. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കൽ<br>12. ഇ-വായന | | | |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ | 1. എഴുത്തുകൂട്ടം രൂപീകരിക്കൽ<br>2. പുസ്തകചർച്ച<br>3. വായനക്കുറിപ്പ് പതിപ്പ്<br>4. വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ<br>5. ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പതിപ്പ് തയ്യാറാക്കൽ<br>7. സംഘരചന, വ്യക്തിഗതരചന | ആറ് മാസം | ലൈബ്രറി, പുസ്തകങ്ങൾ, | പി.ടി.എ, അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ കേൾപ്പിക്കൽ<br>4. പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കൽ. | ആറ് മാസം | ഓഡിയോ, വീഡിയോ | ടെകിനൽ, അധ്യാപകർ |

# ഹിന്ദി

## ആമുഖം

ആധുനിക യുഗത്തിൽ ഭാഷാ പഠനത്തിന് പ്രാമുഖ്യം നല്കേണ്ടത് അവശ്യമാണ്. പ്രത്യേകിച്ചും രാഷ്ട്രഭാഷയായ ഹിന്ദിക്ക്. മത്സരാധിഷ്ഠിതമായ ലോകത്ത് ഏതൊരു ഭാഷയ്ക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ഇന്ത്യയിലെ ഭൂരിഭാഗവും ഉപയോഗിക്കുന്ന ഭാഷയായ ഹിന്ദി പഠിക്കുന്നത് വഴി ഇന്ത്യയെ അറിയുക കൂടിയാണ്.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും ഹിന്ദി എഴുതാനും വായിക്കാനുമുള്ള കഴിവിലേക്കെത്തിക്കുക.
- ഹിന്ദി പഠനത്തിലൂടെ കുട്ടികളെ ഭാഷ, സ്നേഹമുള്ളവരാക്കി മാറ്റുക.
- ഹിന്ദി ഭാഷ, പഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • ഹിന്ദി അനായാസം എഴുതാനും വായിക്കാനും പ്രോത്സാഹിപ്പിക്കുക. | • കേട്ടെഴുത്ത്, പദപൂരൽ എന്നിവ നല്കുന്നു. ചിത്രകഥ, കാർട്ടൂൺ എന്നിവ വായനക്കായി നല്കുന്നു. | ജൂലൈ |
| • നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യ ഘടന പരിചയപ്പെടുന്നു. | വർക്ക് ഷീറ്റുകൾ നല്കി അതിൽ നിന്നും നാമം, സർവ്വനാമം ഇവ കണ്ടെത്താൻ പറയുന്നു. | |
| • വായനക്ക് പ്രാധാന്യം. | അധിക വായന ലക്ഷ്യമാക്കി കൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കുന്നു. | ജൂലൈ - ഡിസംബർ |
| • ഹിന്ദി സംസാരിക്കാനുള്ള പരിശീലനം | വാർത്ത കേൾക്കാനുള്ള അവസരം, ഹിന്ദി ടെലിഫിലിംകൾ കേൾക്കാനുള്ള അവസരം കൊടുക്കുന്നു. | |

# HS

# ARABIC YEAR PLAN

# 2025-26

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 Arabic

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം |
|---|---|---|---|
| വായന<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈ പിടിച്ച് ഉയർത്തുക വായന ശീലം വളർത്തുക നല്ല വായനക്കാരനാവുക | പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ.... വായന കോർണർ സ്ഥാപിക്കുന്നു. വായന മത്സരം സംഘടിപ്പിക്കുന്നു. | 6 മാസം<br>ജൂൺ - നവംബർ | ലൈബ്രറി പുസ്തകങ്ങൾ |
| എഴുത്ത്<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. അറബിയിൽ കഥയും കവിതയും പ്രബന്ധവും തയ്യാറാക്കാൻ പരിശീലനം നൽകുന്നു. | നവംബർ — ഡിസംബർ | |
| അറിവിൻ തിളക്കം<br>അറബിയിൽ അറിവ് നേടുക | ക്ലാസ്സുകളിൽ അറബിയിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ | |

| | | | |
|---|---|---|---|
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി കലോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും. പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലൈ മുതൽ | |
| ദിനാചരണങ്ങൾ<br>ദിനാചരണത്തെ കുറിച്ച് അവബോധം ഉണ്ടാക്കുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | |
| കുട്ടികൾക്ക് അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും ഗ്രഹിക്കുക. | ഓരോ കുട്ടിക്ക് ദിനത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം അത് ശേഖരിച്ച് പ്രിന്റ് രൂപത്തിൽ പ്രദർശിപ്പിക്കുന്നു. | ഒരു കൊല്ലം. | |
| ആസ്വാദനം<br><br>അറബിക് ഫെസ്റ്റ് | ചെറിയ സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, പ്രദർശനം സംഘടിപ്പിക്കുന്നു. | ജനുവരി | |

# ENGLISH

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
| --- | --- | --- | --- |
| Enrich your English programme. | ഇംഗ്ലീഷ് ഭാഷയിൽ അക്ഷരത്തെറ്റില്ലാതെ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള പരിശീലനം നൽകുക. | 8, 9, 10 | 1 വർഷം |
| ദിനാചരണങ്ങൾ | ഇംഗ്ലീഷ് സാഹിത്യകാരന്മാരുടെ ദിനങ്ങൾ ആചരിക്കുക. Poster രചന തയ്യാറാക്കുക. | 8, 9, 10 | 1 വർഷം |
| ഇംഗ്ലീഷ് റീഡിംഗ് ക്ലബ് | ഓരോ കുട്ടിയും മാസത്തിൽ ഒരു ഇംഗ്ലീഷ് പുസ്തകം വായിച്ച് വായനാകുറിപ്പ് തയ്യാറാക്കുക. | 8, 9, 10 | 1 വർഷം |
| English Game. | ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി വിവിധ ഗെയിമുകൾ കളിക്കാനവസരം നൽകുക. | 8, 9, 10 | 1 വർഷം. |

## SOCIAL SCIENCE

ലക്ഷ്യങ്ങൾ

* ചരിത്രപ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാൻ
* സമകാലീന ലോകത്തെക്കുറിച്ചുള്ള അറിവും , പൗരബോധവും വളർത്താൻ
* സാർവ്വദേശീയതയെ സാക്ഷാത്കരിക്കാൻ
* കുട്ടികളിൽ നേതൃപാടവം വളർത്തിയെടുക്കാൻ
* സ്വന്തം പ്രദേശത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ
* ലഹരിപദാർത്ഥങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് തിരിച്ചറിവുണ്ടാക്കുക.
* ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണമെന്ന അവബോധം സൃഷ്ടിക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
|---|---|---|---|
| പ്രധാനപ്പെട്ട ദിവസങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ. | യുദ്ധവിരുദ്ധ ദിനാചരണങ്ങൾ, ദേശീയാഘോഷങ്ങൾ ആചരിക്കൽ, സിനിമാ പ്രദർശനം നടത്തൽ, റാലി സംഘടിപ്പിക്കൽ, പോസ്റ്റർ രചന. | 8,9,10 | 1 വർഷം |
| വർത്തമാനകാലത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ. | എല്ലാദിവസവും പത്രത്തിലെ പ്രധാന തലക്കെട്ടുകൾ വായിപ്പിക്കുക, എല്ലാ ക്ലാസിലും പത്രം ലഭ്യമാക്കുക, വിവിധ വിഷയങ്ങളിൽ ചർച്ച സംഘടിപ്പിക്കുക. | 8,9,10 | 1 വർഷം |
| സാമൂഹ്യശാസ്ത്ര മേള സംഘടിപ്പിക്കൽ | പുരാവസ്തുക്കൾ, നാണയങ്ങൾ, സ്റ്റാമ്പുകൾ എന്നിവ ശേഖരിച്ച് സാമൂഹ്യശാസ്ത്രമേള സംഘടിപ്പിക്കുക. | 8,9,10 | 1 വർഷം |
| മോക്ക് പാർലമെന്റ് | ജനാധിപത്യസംവിധാനങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ മോക്ക് പാർലമെന്റ് സംഘടിപ്പിക്കുകയും വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ചെയ്യുക | 8,9,10 | 1 വർഷം. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
|---|---|---|---|
| പ്രാദേശിക ചരിത്രരചന. | കുട്ടികൾ ജീവിക്കുന്ന പ്രദേശങ്ങളുടെ ചരിത്രം ശേഖരിച്ച് പ്രാദേശിക ചരിത്ര രചന നടത്തുക | 8,9,10 | 1 വർഷം |
| ലഹരിവിരുദ്ധ ക്ലാസ് | കുട്ടികളിലെ ലഹരി ഉപയോഗം പൂർണമായി തടയുന്നതിനായി മാസത്തിൽ ഒരു തവണ- യെങ്കിലും ഇത്തരം ക്ലാസുകൾ സംഘടിപ്പിക്കുക. | 8,9,10 | 1 വർഷം |
| ഫീൽഡ്ട്രിപ്പ് | ജില്ലയിലെ ചരിത്രപ്രധാന സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. | 8,9,10 | 1 വർഷം. |

# ACADEMIC MASTER PLAN (HS)

# SCIENCE

## Vision

വിദ്യാർത്ഥികൾക്ക് ശാസ്ത്രത്തിന്റെ അടിസ്ഥാനജ്ഞാനം നൽകുക, പ്രായോഗിക പഠനം പ്രോത്സാഹിപ്പിക്കുക, യുക്തിബോധവും ചിന്താശേഷിയും വളർത്തുക. ഇതെല്ലാം ജീവിതവുമായി ബന്ധിപ്പിച്ചുകൊണ്ടു പഠിക്കുക.

## പ്രധാന ലക്ഷ്യങ്ങൾ

- ശാസ്ത്രപരമായ ചിന്താഗതിയും, ശാസ്ത്രീയ സമീപനവും വളർത്തുക
- പരീക്ഷാ തയ്യാറെടുപ്പിനുള്ള മികച്ച അടിസ്ഥാനശിലയിടുക
- പ്രായോഗിക വിജ്ഞാനവും, നിരീക്ഷണശേഷിയും വളർത്തുക
- ശാസ്ത്രവിഷയങ്ങളിൽ ആത്മവിശ്വാസം നൽകുക
- സാങ്കേതികവിദ്യ, പരിസ്ഥിതി, കൃഷി, ആരോഗ്യം തുടങ്ങിയവയുമായി ശാസ്ത്രത്തെ ബന്ധിപ്പിക്കുക

## പാഠ്യപദ്ധതി

### 8-10 ക്ലാസ് : അടിസ്ഥാനശാസ്ത്രം.

| മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| ഭൗതികശാസ്ത്രം | • ഭൗതികദ്രവ്യങ്ങളുടെ അടിസ്ഥാനങ്ങൾ മനസിലാക്കുക<br>• ചലനനിയമങ്ങളെ ജീവിതത്തിൽ പ്രയോഗിക്കാൻ പഠിക്കുക<br>• ഗ്രാഫുകളും സംഖ്യകളുമടങ്ങിയ പാഠങ്ങൾ ആവർത്തിച്ച് പഠിക്കുക<br>• ഊർജ്ജസംരക്ഷണത്തെക്കുറിച്ച് ബോധവാന്മാരാകാൻ<br>• സഹകരണ മനോഭാവം ഉണർത്തുക | പരീക്ഷണങ്ങൾ<br>- സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുക<br>- ICT ഉപയോഗിച്ചുള്ള ക്ലാസുകൾ |

| | | |
|---|---|---|
| രസതന്ത്രം | • പദാർത്ഥങ്ങളുടെ സ്വഭാവവും ഗുണങ്ങളും തിരിച്ചറിയുക<br>• ദഹനം, ജ്വലനം, ഇന്ധനങ്ങൾ എന്നിവയുടെ ഉപയോഗവും ദോഷവും മനസിലാക്കുക<br>• ലോഹങ്ങളും, അലോഹങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ മനസിലാക്കുക<br>• വസ്തുക്കളെ തിരിച്ചറിഞ്ഞ്, ശരിയായ രീതിയിൽ ഉപയോഗിക്കാനുള്ള ശേഷി വളർത്തുക | • ജ്വലിക്കുന്നതും ജ്വലിക്കാത്തതുമായ വസ്തുക്കളെ തിരിച്ചറിയൽ<br>• ലോഹങ്ങൾ ആസിഡിൽ ഇടുമ്പോൾ സംഭവിക്കുന്ന പ്രതികരണങ്ങൾ<br>• ലാവ ലാമ്പ് |
| ജീവശാസ്ത്രം | • ജീവികളുടെയും അവയുടെ ഘടനയുടെയും അടിസ്ഥാനബോധം ലഭിക്കുക<br>• കോശഘടന, ജനനം, ഭക്ഷ്യശൃംഖല, പരിസ്ഥിതി തുടങ്ങിയ കാര്യങ്ങൾ മനസിലാക്കുക<br>• പരിസ്ഥിതി സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും പ്രാധാന്യം തിരിച്ചറിയുക<br>• മനുഷ്യൻ ഉൾപ്പെടെ ജീവികളുടെ ആരോഗ്യസംരക്ഷണത്തിന് ശാസ്ത്രീയ സമീപനം വളർത്തുക | • ഉള്ളിയുടെതൊലി Slide നിരീക്ഷിക്കുക<br>• സ്കൂൾ തോട്ടത്തിൽ സസ്യസംരക്ഷണ പ്രവർത്തനം<br>• പ്രകാശസംശ്ലേഷണ മോഡൽ നിർമ്മാണം<br>• സൂക്ഷ്മജീവികളുടെ ചിത്രങ്ങൾ കാണിച്ചുകൊണ്ട് അവയുടെ ഗുണദോഷങ്ങൾ വിശകലനം |

## 9-10 ക്ലാസ് : സയൻസ്

| മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| ഭൗതികശാസ്ത്രം | • ചലനനിയമങ്ങൾ, ആക്കനിയമങ്ങൾ, ഗ്രാവിറ്റേഷൻ തുടങ്ങിയവ ശാസ്ത്രീയമായി പഠിക്കുക<br>• പ്രായോഗികതയോടെ തെളിയിക്കുക. ഭൗതിക പ്രതിഭാസങ്ങൾ കൃത്യമായി | • ന്യൂട്ടൺസ് ക്രാഡിൽ പോലുള്ള മാതൃക കാണിക്കൽ<br>• പരീക്ഷണങ്ങൾ<br>• ബലവും പ്രതിബലവും ചിത്രീകരിക്കുന്ന ചിത്രങ്ങൾ |

| | | |
|---|---|---|
| | പരീക്ഷിക്കുക<br>• വേഗത, ത്വരണം, സ്ഥാനാന്തരം തുടങ്ങിയ കണക്കുകൾ കൈകാര്യം ചെയ്യാൻ പരിശീലനം നേടുക<br>• പ്രകൃതിയിലെ നിയമങ്ങൾ പഠിക്കുവാൻ ശാസ്ത്രീയ സമീപനം | • ഗ്രാഫുകൾ വരച്ച് പഠിക്കുക |
| രസതന്ത്രം | • പദാർത്ഥത്തിന്റെ ഘടനയെ കുറിച്ച് ആഴത്തിൽ പഠിക്കുക<br>• ശുദ്ധവസ്തുക്കളും, മിശ്രിതങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക<br>• ലബോറട്ടറിയിൽ രാസപരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിലൂടെ ആത്മ വിശ്വാസം വളർത്തുക<br>• രാസസമവാക്യം, ചിഹ്നങ്ങളും വായിക്കാനും, എഴുതാനും അഭ്യാസം നേടുക | • ഫിൽട്രേഷൻ, സെഡിമെന്റേഷൻ തുടങ്ങിയ വേർതിരിക്കൽ രീതി പ്രയോഗിക്കൽ<br>• ലബോറട്ടറിയിൽ ലഘു, അലഘു പരീക്ഷണം<br>• മോൾക്യൂൾ മാതൃകകൾ നിർമ്മിക്കുക<br>• മോഡലുകൾ |
| ജീവശാസ്ത്രം | • കോശം, പദാർത്ഥ സംവഹനം അവയുടെ പ്രവർത്തനം വിശദമായി മനസ്സിലാക്കുക<br>• രോഗങ്ങളും, പ്രതിരോധവും സംബന്ധിച്ച അടിസ്ഥാന ജ്ഞാനം നേടുക<br>• ജീവശാസ്ത്രം കൃഷിയുമായി ബന്ധിപ്പിക്കുക<br>• പ്രജനനം, ശ്വസനം തുടങ്ങിയവ മനസ്സിലാക്കുക | • പ്ലാന്റ്, അനിമൽ സെൽ ചാർട്ട് തയ്യാറാക്കുക<br>• ശ്വസനവ്യവസ്ഥ, ഹൃദയം തുടങ്ങിയവയുടെ മാതൃക നിർമ്മാണം<br>• ആരോഗ്യം സംരക്ഷിക്കാൻ ശുചിത്വത്തിന്റെ പങ്ക് - സ്കിറ്റായി അവതരിപ്പിക്കുക<br>• പരിസ്ഥിതി സംരക്ഷണ - ചിത്രരചന മത്സരം |

## 10-ാം ക്ലാസ് : സയൻസ്

| മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| ഭൗതികശാസ്ത്രം | • വെളിച്ചം, വൈദ്യുതി, കാന്തികത തുടങ്ങിയ പാഠങ്ങൾ ആഴത്തിൽ മനസിലാക്കുക<br>• ഗണിതപരമായ പ്രശ്നങ്ങളിലൂടെയും പ്രോജക്ടിലൂടെയും പഠനമാർഗം മനസിലാക്കുക<br>• സർക്യൂട്ടുകൾ നിർമിക്കുകയും വൈദ്യുത പ്രതിരോധങ്ങൾ പരിശോധിക്കുകയും ചെയ്യുക | • പ്ലെയിൻ മിററിലെ പ്രതിഫലനം പരിശോധിക്കുക<br>• ലെൻസ് ചിത്രനിർമാണം<br>• വൈദ്യുതസർക്യൂട്ട് ഘടിപ്പിക്കൽ<br>• മാഗ്നറ്റിക് ഫീൽഡ് നിർമാണം (കോമ്പസ് ഉപയോഗിച്ച്) |
| രസതന്ത്രം | • കാർബൺ സംയുക്തങ്ങളുടെ നാമകരണം, അവയുടെ പ്രാധാന്യം മനസിലാക്കൽ<br>• രാസപ്രതിപ്രവർത്തനങ്ങളുടെ തരം തിരിച്ചറിയുക<br>• വാതകനിയമങ്ങളും, അവയുടെ പ്രായോഗികതയും മനസിലാക്കുക | • കാർബൺ സംയുക്തങ്ങളുടെ നിർമാണം ഘന ചിത്രീകരണം<br>• pH പരിശോധന<br>• വാതകനിയമങ്ങളുടെ പ്രായോഗികത മനസിലാക്കുന്ന ഉദാഹരണ പരിചയം |
| ജീവശാസ്ത്രം | • ജൈവ പ്രക്രിയകൾ, പ്രജനനം ഉൽപത്തി, പാരമ്പര്യം തുടങ്ങിയവയുടെ ശാസ്ത്രീയ അവബോധം നേടുക<br>• മനുഷ്യശരീരത്തിലെ പ്രധാന സംവിധാനങ്ങൾ മനസിലാക്കുക<br>• പാരിസ്ഥിതികപ്രശ്നങ്ങൾക്കെതിരെ ശാസ്ത്രീയ സമീപനം വളർത്തുക<br>• ആരോഗ്യം, ശുചിത്വം തുടങ്ങിയ സാമൂഹ്യവിഷയങ്ങളിൽ ശാസ്ത്രീയ ചിന്ത വളർത്തുക | • മനുഷ്യൻ ദഹനവ്യവസ്ഥയുടെ മോഡൽ നിർമാണം<br>• ജലസ്രോതസ്സുകൾ പരിപാലിക്കുന്നു ഗ്രാമത്തിൽ<br>• പാരമ്പര്യ പാഠങ്ങൾ പരിശോധിക്കൽ<br>• സ്കൂൾ ഗാർഡൻ ഒരുക്കൽ |

## അധ്യാപനരീതി

- Inductive approach
- ബ്ലാക്ക് ബോർഡ് പാഠപുസ്തകങ്ങൾ
- പ്രവർത്തനം അടിസ്ഥാനമാക്കിയുള്ള പഠനം
- PhET, Kalzium സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം

## മൂല്യനിർണ്ണയ രീതി

Formative assessment – ചോദ്യ ഉത്തര വേള, വർക്ക്ഷീറ്റ്, ഗ്രൂപ്പ് പ്രവർത്തനങ്ങൾ

Summative assessment – യൂണിറ്റ് ടെസ്റ്റ്, ടേം എക്സാമുകൾ Modelexam

## പാഠ്യേതര പ്രവർത്തനങ്ങൾ

- സയൻസ് ആക്ടിവിറ്റികൾ
- വിദ്യാലയത്തിൽ വൃക്ഷത്തൈ നടുന്ന പരിപാടികൾ
- Field trip
- ചിത്രരചന, പോസ്റ്റർ രചന മത്സരം.
- സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

## Monitoring and Feedback

- ഓരോ പീരിയഡിന്റെയും അവസാനം അധ്യാപക നിരീക്ഷണം
- ഹെഡ്മാസ്റ്ററുമായി അവലോകനം
- രക്ഷിതാക്കളുടെ പ്രതികരണ ശേഖരണം
- റെമഡിയൽ ക്ലാസുകൾ

## Conclusion

ശാസ്ത്രപഠനം വിദ്യാർത്ഥികൾക്ക് അനുഭവ പരിശീലനമാക്കുകയും, ബോർഡ് പരീക്ഷക്ക് ഒരുക്കുക എന്നതാണ് ലക്ഷ്യം.

# ENGLISH

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
| --- | --- | --- | --- |
| Enrich your English Programme. | ഇംഗ്ലീഷ് ഭാഷയിൽ അക്ഷരത്തെറ്റില്ലാതെ വായിക്കാനും എഴുതാനും സംസാരിക്കാനുള്ള പരിശീലനം നൽകുക. | 8, 9, 10 | 1 വർഷം |
| ദിനാചരണങ്ങൾ | ഇംഗ്ലീഷ് സാഹിത്യകാരന്മാരുടെ ദിനങ്ങൾ ആചരിക്കുക. Poster രചന തയ്യാറാക്കുക. | 8, 9, 10 | 1 വർഷം |
| ഇംഗ്ലീഷ് റീഡിംഗ് ക്ലബ് | ഓരോ കുട്ടിയും മാസത്തിൽ ഒരു ഇംഗ്ലീഷ് പുസ്തകം വായിച്ച് വായനാകുറിപ്പ് തയ്യാറാക്കുക. | 8, 9, 10 | 1 വർഷം |
| English Game. | ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി വിവിധ ഗെയിമുകൾ കളിക്കാനവസരം നൽകുക. | 8, 9, 10 | 1 വർഷം. |

# ACADEMIC MASTER PLAN

# MATHEMATICS

# ആമുഖം.

ഓരോ കുട്ടിയിലെയും ഗണിതവൽക്കരണ ശേഷികൾ വളർത്തി, ഗണിതത്തിൽ അഭിരുചി വളർത്തുക എന്നതാണ് ഗണിതപഠനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. ഗണിതം എന്ന വിഷയത്തോടുള്ള കുട്ടികളുടെ ഭയം, താൽപര്യക്കുറവ് എന്നിവ മാറ്റി അവർക്ക് ഗണിതത്തോടുള്ള താല്പര്യം വളർത്തേണ്ടത് അനിവാര്യമാണ്. ഗണിതം എന്നാൽ കേവലം സൂത്രവാക്യങ്ങളും യാന്ത്രികനടപടികളുമല്ല മറിച്ച് സ്വന്തം ജീവിതത്തിൽ പ്രയോജനപ്പെടുത്തേണ്ടതും ജീവിതത്തോട് ഏറെ അടുത്തു നിൽക്കുന്നതുമായ ഒന്നാണ് എന്ന ബോധ്യം ഓരോ കുട്ടിയിലും ഉണ്ടാകേണ്ടതാണ്. ഓരോ കുട്ടിയിലും ഗണിത താല്പര്യം വളർത്തുവാനും അതിനെ അവസരോചിതമായ വിധം പ്രയോജനപ്പെടുത്തുവാനും ഉതകുന്ന പ്രവർത്തനങ്ങളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

## പ്രശ്നങ്ങൾ.

* 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതിയിൽ നിർദേശിച്ച പ്രകാരമുള്ള ആശയങ്ങളും ശേഷികളും നേടുവാൻ സാധിക്കുന്നില്ല.

* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളെപ്പറ്റി ധാരണയില്ല.

* ICT അധിഷ്ഠിതമായി പാഠാസൂത്രണം ചെയ്യുന്നതിൽ പരിമിതിയുണ്ട്.

* പഠനോപകരണ നിർമാണത്തിലെ വൈദഗ്ധ്യക്കുറവ്.

## ലക്ഷ്യങ്ങൾ

* ഗണിതപഠനത്തിൽ അഭിരുചി വളർത്താൻ
* ദൈനംദിന ജീവിതസാഹചര്യങ്ങളിലെ ഗണിതത്തിന്റെ അനിവാര്യത തിരിച്ചറിയാൻ.
* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളെപ്പറ്റി ധാരണ ഉണ്ടാകുവാനും അവയെ പ്രാവർത്തികമാക്കുവാനുള്ള തിരിച്ചറിവും ശേഷിയും ഉണ്ടാക്കുന്നതിന്.
* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലെ പരിമിതി പരിഹരിക്കാൻ.
* ഗണിതപഠനത്തിലെ സൗന്ദര്യാത്മകതലം കണ്ടെത്തി കൂടുതൽ ആസ്വാദ്യകരമാക്കുവാൻ.
* ഗണിതക്ലബ്ബ് രൂപീകരണം.
* ഗണിതലാബ് സജ്ജീകരണം.
* ഗണിതശാസ്ത്രത്തിൽ കുതുകികളായ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങൾ നൽകി പൂർണ്ണതയിൽ എത്തിക്കാൻ.

# പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | ക്ലാസ് | നിർവഹണകാലഘട്ടം | |
|---|---|---|---|---|
| * ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്. | 8,9,10 | ജൂൺ ആദ്യവാരം. | |
| * ഉത്തരപ്പെട്ടി | ഗണിതപ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ, കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു, വിജയികളെ കണ്ടെത്തൽ, ഉത്തരം വിശകലനം ചെയ്ത് അവതരിപ്പിക്കൽ | 8,9,10 | മാസത്തിൽ ഒരിക്കൽ | |
| * ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രയോഗം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് | 8,9,10 | ഒരു ടേമിൽ ഒന്ന്. | |

| പ്രവർത്തനങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | ക്ലാസ് | നിർവഹണ കാലഘട്ടം |
|---|---|---|---|
| * ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ നൽകുക | 8, 9, 10 ക്ലാസുകളിൽ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകമായി വൈകുന്നേരങ്ങളിൽ ക്ലാസുകൾ നൽകുന്നു. | 8, 9, 10 | ജൂലൈ ഫെബ്രുവരി |
| * രക്ഷിതാക്കളെ ബോധവൽക്കരിക്കൽ. | മാസത്തിൽ ഒരു പി ടി എ നടത്തി ചുമതല നൽകുന്നു. | 8,9,10 | |